IT VOL-I

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 55

09/06/2014ൽ മറുപടി നൽകേണ്ടിയിരുന്നത്

### വകുപ്പുതല പരീക്ഷകൾക്കുള്ള മിനിമം മാർക്ക്

ചോദ്യം :

ശ്രീ.കെ.രാജു

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുതല പരീക്ഷകൾ ജയിക്കുന്നതിന് വ്യത്യസ്ത മിനിമം മാർക്കുകളാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിനുള്ള മിനിമം മാർക്ക് ഏകീകരിച്ച് നിജപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ;

(സി) ചില വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിന് ഉയർന്ന മാർക്കും മറ്റ് ചില വകുപ്പുതല പരീക്ഷകൾക്ക് താഴ്ന്ന മാർക്കും നിശ്ചയിക്കപ്പെട്ടിട്ടുള്ളത് അപ്രായോഗികവും നീതിരഹിതവുമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ എല്ലാ വകുപ്പുതല പരീക്ഷകൾക്കും വിജയിക്കുന്നതിനുള്ള മിനിമം മാർക്ക് ഏകീകരിച്ച് നിജപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം :

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) വകുപ്പുതല പരീക്ഷകൾക്ക് വ്യത്യസ്ത മിനിമം മാർക്കുകൾ ചില സന്ദർഭങ്ങളിൽ നൽകാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിനുള്ള മിനിമം മാർക്കുകൾ ഏകീകരിച്ചിട്ടുള്ളതാണ്. 40% മാർക്കാണ് ടി പരീക്ഷകൾ പാസ്സാകുന്നതിന് വേണ്ടത്.

(സി) ചില വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിന് ഉയർന്ന മാർക്കും (40% മാർക്കും) മറ്റ് ചില പരീക്ഷകൾ പാസ്സാകുന്നതിന് 40 മാർക്കിൽ താഴെയുള്ള ഏതെങ്കിലും മാർക്കും നിശ്ചയിച്ചിട്ടുള്ളത്; ആ പരീക്ഷകളിൽ ചോദിച്ചിരുന്ന ചോദ്യങ്ങളിൽ ചില ചോദ്യങ്ങൾ പരീക്ഷാർത്ഥികളുടെ പരാതി പരിശോധിച്ചതിനുശേഷം വിദഗ്ധർ ഒഴിവാക്കാൻ നിർദ്ദേശിക്കുകയും പി.എസ്.സി. ആ നിർദ്ദേശം അംഗീകരിച്ച് തെറ്റായ ചോദ്യങ്ങളോ, ശരിയായ ഉത്തരങ്ങളില്ലാത്ത ചോദ്യങ്ങളോ ഒഴിവാക്കി ബാക്കിയുള്ള ചോദ്യങ്ങൾ മാത്രം കണക്കിലെടുത്ത് മൂല്യനിർണ്ണയം നടത്തുമ്പോഴാണ്. എന്നിരുന്നാലും വകുപ്പ്തല പരീക്ഷകൾ പാസ്സാകാൻ വേണ്ട മാർക്ക് 40% തന്നെയായിരിക്കും.

സെക്ഷൻ ഓഫീസർ